## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ :4521 26-06-2014-ലെ മറുപടിക്ക്

### മാവേലി സ്റ്റോറുകളിൽകൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം

**ചോദ്യം**

**ശ്രീ. വി.എസ്. സുനിൽകുമാർ**
**ശ്രീമതി ഗീതാ ഗോപി**
**ശ്രീ. മുല്ലക്കര രത്നാകരൻ**
**ശ്രീമതി ഇ.എസ്. ബിജിമോൾ**

**ഉത്തരം**

**ശ്രീ. അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി)**

എ) മാവേലി സ്റ്റോറുകളിൽകൂടി വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം സംവിധാനങ്ങളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

എ) സപ്ലൈകോ വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന പലവ്യഞ്ജനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഒരു പ്രത്യേക ഗുണമേന്മ പരിശോധന വിഭാഗം നിലവിലുണ്ട്. ഹെഡ് ആഫീസ് തലത്തിൽ ക്വാളിറ്റി അഷ്വറൻസ് മാനേജരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലുമുള്ള ജൂനിയർ മാനേജർ, അസിസ്റ്റന്റ് മാനേജർ, (ക്യു.എ.) അടങ്ങുന്ന വിദഗ്ധർ സാധനങ്ങളുടെ ഗുണനിലവാരം വാങ്ങുമ്പോഴും സൂക്ഷിക്കുമ്പോഴും, വിൽപ്പന നടത്തുമ്പോഴും പരിശോധിച്ച് ഗുണമേന്മ ഉറപ്പ് വരുത്തുന്ന സംവിധാനം നിലവിലുണ്ട്.

ഓരോ ഡിപ്പോയിലെയും ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി ഡിപ്പോയിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമ പ്രകാരമാണെന്ന് ഉറപ്പുവരുത്തുവാൻ കർശനമായി പരിശോധന നടത്തിയതിനു ശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്.

സപ്ലൈകോയുടെ എല്ലാ ഡിപ്പോകളിലും ഡിപ്പോ മാനേജർ, ക്വാളിറ്റി അഷ്വറൻസ് ആഫീസർ, ജൂനിയർ മാനേജർ എന്നിവരടങ്ങുന്ന ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റിയുടെ മേൽ നോട്ടത്തിലാണ് അതാത് ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണമേന്മ പരിശോധിച്ചുവരുന്നത്. ഭക്ഷ്യ വസ്തുക്കൾ ഇത്തരത്തിൽ പരിശോധിച്ച് ഡിപ്പോയിൽ കൈപ്പറ്റിയ ശേഷം പിന്നീട് ഗുണമേന്മക്കുറവ് ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട കരാറുകാരിൽ നിന്നും മാറ്റി വാങ്ങുവാനുള്ള സംവിധാനവും നിലവിലുണ്ട്. കരാർ പ്രകാരം ഭക്ഷ്യ വസ്തുക്കൾ വിതരണം നടത്തുന്ന കരാറുകാർ 60 ദിവസങ്ങൾക്കുള്ളിൽ ഗുണമേന്മക്കുറവ് പരിശോധനയിൽ തെളിഞ്ഞാൽ വിതരണം ചെയ്ത ഭക്ഷ്യവസ്തു മാറ്റി ഗുണമേന്മ ഉള്ളതു നൽകുവാൻ ബാദ്ധ്യസ്ഥരാണ്.

കാലാകാലങ്ങളിൽ ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരത്തിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകൾ വരുത്തുന്ന മാറ്റങ്ങൾ

ഉൾക്കൊണ്ട് പരിശോധനകൾ കൂടുതൽ ശക്തിപ്പെടുത്തി വരുന്നു. കൂടാതെ ഹെഡ് ആഫീസിൽ നിന്ന് നേരിട്ട് ഓരോ ഡിപ്പോയിലെയും ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ റാൻഡമായി പരിശോധന നടത്താറുണ്ട്. സപ്ലൈകോയുടെ വിജിലൻസ് വിഭാഗവും ആഡിറ്റ് വിഭാഗവും എല്ലാ മാസവും വിവിധ ഡിപ്പോകളിൽനിന്നും വിൽപ്പന ശാലകളിൽ നിന്നും സാമ്പിളുകൾ എടുത്ത് ഗുണനിലവാര പരിശോധനകൾ നടത്തി, വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണമേന്മ ഉറപ്പാക്കുന്നതിനായി കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

പൊതുജനങ്ങൾക്ക് ഭക്ഷ്യവസ്തുക്കൾ ഗുണമേന്മയോടെ നൽകുവാനുള്ള സംവിധാനം സപ്ലൈകോയുടെ എല്ലാ കടകളിലും നിലവിലുണ്ട്. പായ്ക്കറ്റ് ഭക്ഷ്യ വസ്തുക്കൾക്ക് HACCP, ISO 22000, അഗ്മാർക്ക് എന്നിവയിലുള്ള ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്.

സപ്ലൈകോയുടെ വിൽപ്പനശാലകൾ വഴി വിതരണം ചെയ്യുന്ന ഭക്ഷ്യ വസ്തുക്കളിൽ മായം കലർത്തിയിട്ടില്ല എന്ന് ഉറപ്പ് വരുത്തുന്നതിനായി റാൻഡമായി സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലും എൻ.എ.ബി.എൽ. അംഗീകാരമുള്ള ലാബിലും നൽകി പരിശോധന നടത്താറുണ്ട്. കൂടാതെ കോന്നിയിലുള്ള സി.എഫ്.ആർ.ഡി. മൈക്രോബയോളജി/ കെമിക്കൽ ലാബുകളിൽ എല്ലാ ഭക്ഷ്യ വസ്തുക്കളും ഓരോ മാസവും റാൻഡമായി സാമ്പിൾ എടുത്ത് പരിശോധന നടത്തുന്നുണ്ട്. ഇതിൽ നിർദ്ദിഷ്ട ഗുണനിലവാരം പാലിച്ചിട്ടില്ലെന്നു കണ്ടാൽ കർശന നടപടികൾ സ്വീകരിയ്ക്കും.

പലവ്യഞ്ജനങ്ങളുടെ ഗുണനിലവാരവുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികൾ ഉടനെ തന്നെ വ്യത്യസ്ത തലങ്ങളിൽ പരിശോധന നടത്തി ഉചിതമായ നടപടികൾ സ്വീകരിക്കാറുണ്ട്. ഗുണനിലവാരത്തിൽ തൃപ്തരല്ലാത്ത ഉപഭോക്താക്കൾക്ക് സാധനങ്ങൾ എപ്പോൾ വേണമെങ്കിലും മാറ്റി നൽകുന്നതിനോ, പണം തിരികെ നൽകുന്നതിനോ ഉള്ള സംവിധാനവും നിലവിലുണ്ട്.

| | | | |
|---|---|---|---|
| ബി) | പൊതു വിപണിയിൽനിന്നും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും സാധനങ്ങൾ വാങ്ങി വിതരണം ചെയ്യാറുണ്ടോ; എങ്കിൽ ഇത്തരത്തിൽ സാധനങ്ങൾ വാങ്ങുന്നതിന് സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | ബി) | പൊതുവിപണിയിൽ നിന്നും സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങി വിതരണം ചെയ്യാറുണ്ട്. അരി, പലവ്യഞ്ജനങ്ങൾ, പഞ്ചസാര മുതലായ 24 ഇനം നിത്യോപയോഗ സാധനങ്ങൾ ഇ-ടെൻഡർ മുഖേന കേന്ദ്രീകൃത നിലയിൽ ഗുണമേന്മ ഉറപ്പുവരുത്തുന്ന വിധത്തിലുള്ള മാനദണ്ഡങ്ങൾ പാലിച്ചാണ് വാങ്ങിക്കുന്നത്. പ്രാദേശികമായി ജനങ്ങൾ ഉപയോഗിക്കുന്ന സാധനങ്ങൾ ഡിപ്പോതലത്തിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റികൾ കൂടി |

ആലോചിച്ച് സപ്ലൈകോയുടെ പർച്ചേസ് നിബന്ധനകൾക്ക് വിധേയമായി വാങ്ങിച്ച് മാവേലി സ്റ്റോറുകൾ വഴി വിൽപ്പന നടത്തുന്നു. സപ്ലൈകോ ഹെഡാഫീസ് എഫ്.എം.സി.ജി. ഡിവിഷനിൽ കമ്പനികളിൽ നിന്ന് നേരിട്ടോ അല്ലെങ്കിൽ കമ്പനികൾ ചുമതലപ്പെടുത്തിയിട്ടുള്ള വിതരണക്കാർ മുഖേനയോ സെൻട്രൽ പർച്ചേസ് മുഖാന്തിരം എഫ്.എം.സി.ജി. ഉൽപ്പന്നങ്ങൾ വാങ്ങി സപ്ലൈകോ ഔട്ട് ലെറ്റുകളിൽ വിൽപ്പന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. നിലവിൽ അത്തരം 50 കമ്പനികളെ സെൻട്രൽ പർച്ചേസ് സിസ്റ്റത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സപ്ലൈകോ ഔട്ട്‌ലെറ്റുകളുടെ ആവശ്യാനുസരണം ഡിപ്പോകൾ ഇൻഡന്റ് ചെയ്യുന്നതനുസരിച്ച് പ്രസ്തുത കമ്പനികൾക്ക് ഹെഡാഫീസിൽ നിന്നും ഓർഡർ നൽകിവരുന്നു.സെൻട്രൽ പർച്ചേസ് കമ്പനികളുടെ ലിസ്റ്റിൽ പരിഗണിക്കുന്നതിന് ടി കമ്പനികളുടെ ഉൽപന്നങ്ങൾക്ക് സപ്ലൈകോ ഔട്ട്‌ലെറ്റുകളിൽ പ്രതിമാസം കുറഞ്ഞത് 15 ലക്ഷം രൂപയുടെ വിറ്റ് വരവ് ഉണ്ടായിരിക്കേണ്ടതാണ്. കൂടാതെ ഗുണനിലവാരമുള്ള ഉൽപന്നങ്ങളാണ് എന്ന് ഉറപ്പ് വരുത്തുന്നതിന്റെ ഭാഗമായി ഭക്ഷ്യ സുരക്ഷാ നിയമപ്രകാരമുള്ള FSSAI, ISO,Agmark തുടങ്ങിയ ഗുണനിലവാരമാനദണ്ഡങ്ങൾ നിർബന്ധമാക്കിയിട്ടുള്ളതും കമ്പനികളുടെ ഉൽപ്പാദന കേന്ദ്രങ്ങളിൽ സപ്ലൈകോയുടെ QA Team നേരിട്ട് പരിശോധന നടത്തി സാമ്പിളുകൾ CFRD ലാബിൽ പരിശോധനയ്ക്കു വിധേയമാക്കുന്നതുമാണ്. കൂടാതെ ഉൽപന്നങ്ങളുടെ മുഖവിലയിൽ നിന്നും സപ്ലൈകോ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത മാർജ്ജിൻ നൽകേണ്ടതുമാണ്.

| | | | |
|---|---|---|---|
| **സി)** | നിലവാരം കുറഞ്ഞ സാധനങ്ങൾ നൽകിയതിന് എത്ര കമ്പനികളെയും മില്ലുകളെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | **സി)** | നിലവാരം കുറഞ്ഞ സാധനങ്ങൾ നൽകിയതിന് കരാറുകാരെയോ മില്ലുകാരെയോ കരിമ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. |
| **ഡി)** | മാവേലി സ്റ്റോറുകൾ വഴിയുള്ള സാധനങ്ങളുടെ വിറ്റുവരവ് 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിൽ എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ? | **ഡി)** | 2011-12 - 622.24 കോടി<br>2012-13 - 730.69 കോടി<br>2013-14 - 918.53 കോടി |

Beena

**സെക്ഷൻ ഓഫീസർ**